# നിരന്തര വളർച്ച എന്നത് ഒരു നടക്കാത്ത സ്വപ്നം മാത്രമാണ്

ആധുനിക ലോകം ഇന്ന് വളർച്ചയെക്കുറിച്ച് മാത്രമാണ് ചിന്തിക്കുന്നത്. നിരന്തരവും ഏറ്റക്കുറച്ചിലില്ലാത്തതുമായ സാമ്പത്തിക വളർച്ചയെക്കുറിച്ച്. അത്തരമൊരു സാമ്പത്തിക വളർച്ച സാധ്യമാണെന്ന് നമ്മുടെ സാമ്പത്തിക വിദഗ്ദ്ധന്മാർ നമ്മെ വിശ്വസിപ്പിച്ചുകൊണ്ടിരിക്കുന്നു. എന്നാൽ എന്താണ് യാഥാർത്ഥ്യം?

■ **മൻസൂർ ഖാൻ**

പ്രമുഖ ബോളിവുഡ് സംവിധായകനായ മൻസൂർ ഖാൻ തന്റെ 'തേഡ് കർവ്' എന്ന പുസ്തകത്തെ ആസ്പദമാക്കി 2016 ജനുവരി 27ന് കോഴിക്കോട് വച്ച് നടത്തിയ സംഭാഷണത്തിൽ നിന്നും

**മൂല്യങ്ങളെക്കുറിച്ചോ**, ധാർമ്മികതയെക്കുറിച്ചോ, പരിസ്ഥിതി സംരക്ഷണത്തെക്കുറിച്ചോ ഒന്നുമല്ല ഞാനിവിടെ സംസാരിക്കാൻ പോകുന്നത്. എന്താണ് സാധ്യമായത് എന്നതിനെക്കുറിച്ച് മാത്രമാണ് എനിക്ക് പറയുവാനുള്ളത്. മൂല്യബോധത്തെ അടിസ്ഥാനമാക്കിയുള്ള യാതൊരുവിധ വിധിപ്രസ്താവനകളും നടത്തുവാൻ ഞാൻ ഉദ്ദേശിക്കുന്നില്ല. എന്താണ് നമ്മുടെ പരിമിതി (limits) എന്ന് നാം മനസിലാക്കേണ്ടതുണ്ട്. നിലവിലുള്ള സാമ്പത്തിക സിദ്ധാന്തങ്ങൾ മുന്നോട്ടുവെക്കുന്ന നിരന്തര വളർച്ച എന്ന സങ്കൽപ്പത്തിന് ഭൗമശാസ്ത്രപരമായ പരിമിതി എന്താണ് എന്ന് യഥാർത്ഥ്യബോധത്തോടെ അന്വേഷിക്കുവാനാണ് ഞാൻ ശ്രമിക്കുന്നത്. ശുഭാപ്തിവിശ്വാസത്തിനും അശുഭപ്രതീക്ഷയ്ക്കും ഇടയിൽ യാഥാർത്ഥ്യത്തെക്കുറിച്ച് ചിന്തിക്കുവാനാണ് എന്റെ ശ്രമം.

ആധുനിക ലോകം ഇന്ന് വളർച്ചയെക്കുറിച്ച് മാത്രമാണ് ചിന്തിക്കുന്നത്. നിരന്തരവും ഏറ്റക്കുറച്ചിലില്ലാത്തതുമായ സാമ്പത്തിക വളർച്ചയെക്കുറിച്ച്. അത്തരമൊരു സാമ്പത്തിക വളർച്ച സാധ്യമാണെന്ന് നമ്മുടെ സാമ്പത്തിക വിദഗ്ദ്ധന്മാർ നമ്മെ വിശ്വസിപ്പിച്ചുകൊണ്ടിരിക്കുന്നു. എന്നാൽ എന്താണ് യാഥാർത്ഥ്യമെന്ന് ചിന്തിക്കേണ്ട സമയം അതിക്രമിച്ചിരിക്കുന്നു. ആശയങ്ങളും (concepts) യാഥാർത്ഥ്യവും (reality) തമ്മിൽ വേർപിരിയുന്നതെവിടെ വെച്ചാണെന്ന് മനസിലാക്കാൻ നമുക്ക് ശ്രമിക്കാം. മനസ്സിനെയും (mind) ശരീരത്തെയും (body) ഉദാഹരിച്ചുകൊണ്ട് ഇക്കാര്യം വ്യക്തമാക്കാം. ആശയങ്ങൾ കടന്നുവരുന്നത് മനസ്സിലൂടെയാണ്. ആശയങ്ങൾക്ക് യാതൊരുവിധ പരിധിയും കല്പിക്കേണ്ടതില്ല. എന്നാൽ അത് നടപ്പിലാക്കേണ്ട ശരീരം പരിമിതികൾ ഉൾക്കൊള്ളുന്നതാണ്. കുറേക്കൂടി വിശദമാക്കിയാൽ, ഒരു പ്ലാസ്റ്റിക് കസേര ഉയർത്താൻ മനസ്സ് ആവശ്യപ്പെടുമ്പോൾ ആ ദൗത്യം നിർവ്വഹിക്കാൻ ശരീരത്തിന് സാധിക്കുന്നു. ഒരു സൈക്കിൾ ഉയർത്താൻ ആവശ്യപ്പെടുമ്പോഴും ശരീരത്തിന് അത് സാധിക്കുന്നു. അതേ സമയം ഒരു ലോറി ഉയർത്താൻ ശരീരത്തോട് ആവശ്യപ്പെടുകയാണെങ്കിൽ തീർച്ചയായും ശരീരത്തിന്റെ ഭൗതികമായ പരിമിതി അതിന് തടസ്സമായി വരുന്നു. ഇതേരീതിയിൽ പരിശീലകനും (coach) ഓട്ടക്കാരനും (runner) തമ്മിലുള്ള ഉദാഹരണവും ഈ യാഥാർത്ഥ്യത്തെ വിശദീകരിക്കുന്നു. നിരന്തര വളർച്ച എക്കാലവും സാധ്യമാക്കാമെന്ന സ്വപ്നത്തിന് ഭൗതിക പരിമിതികൾ എങ്ങനെ വിഘാതമാകുന്നുവെന്ന് കു

റച്ചുകൂടി വ്യക്തതയോടെ ഇത് വിശദീകരിക്കുന്നുണ്ട്.

18 മാസത്തിനുള്ളിൽ ശബ്ദത്തിന്റെ വേഗതയിൽ ഓടാൻ സാധിക്കുമെന്ന ആശയവുമായി കോച്ച് നിങ്ങളെ സമീപിക്കുന്നു. ഇതെങ്ങിനെ സാധിക്കുമെന്ന ചോദ്യത്തിന് ഒരു മണിക്കൂറിനുള്ളിൽ 10 കിലോമീറ്റർ വേഗതയിൽ ഓടാൻ സാധിക്കുമോ എന്ന് കോച്ച് നിങ്ങളോട് തിരിച്ചു ചോദിക്കുന്നു. തീർച്ചയായും നടത്തത്തേക്കാൾ അല്പം വേഗത മാത്രം മതിയാകും ഈയൊരു ദൂരം താണ്ടാൻ എന്ന ബോധ്യത്തിൽ നിങ്ങളത് സമ്മതിക്കുന്നു. ഒരാഴ്ചക്കുള്ളിൽ താങ്കളുടെ ഓട്ടത്തിന്റെ വേഗത 7% കണ്ട് വർദ്ധിപ്പിക്കാൻ സാധിക്കുമോ എന്ന ചോദ്യത്തിനും സാധ്യമാകുമെന്ന ഉറച്ച ഉത്തരം തന്നെയാണ് താങ്കൾ നൽകുക. ഒരാഴ്ചകൂടി കഴിയുമ്പോൾ ഇതേ അനുപാതത്തിൽ (7%) വേഗത വർദ്ധിപ്പിച്ചുകൊണ്ട് മണിക്കൂറിൽ 11.45 കിലോമീറ്റർ എന്നതിലേക്ക് ഉയരാൻ സാധിക്കുമോ എന്ന ചോദ്യത്തിനും താങ്കളുടെ മറുപടി അനുകൂലമായിരിക്കും.

ശരി. എങ്കിൽ ഓരോ ആഴ്ചയിലും ഇതേ രീതിയിൽ 7% കണ്ട് വേഗത വർദ്ധിപ്പിക്കുകയാണെങ്കിൽ 18 മാസത്തിനുള്ളിൽ ശബ്ദത്തേക്കാൾ വേഗത എന്ന സ്വപ്നത്തിലേക്ക് എത്താൻ സാധിക്കുമെന്ന് പരിശീലകൻ നിങ്ങൾക്ക് ആത്മവിശ്വാസം പകരുന്നു.

ഇനി നമുക്ക് യാഥാർത്ഥ്യത്തിലേക്ക് പോകാം. ഈ ചാർട്ട് ശ്രദ്ധിക്കുക:

പ്രതിവാരം 7% കണ്ട് വേഗത വർദ്ധിപ്പിക്കുക എന്ന പരിശീലകന്റെ യുക്തി ഒരു പരിധിവരെ ശരിയാണെന്ന് നമുക്ക് ബോദ്ധ്യമാകുന്നു. ഏഴ് ശതമാനം നിരന്തരമായി വേഗത വർദ്ധിപ്പിക്കുന്നതിലൂടെ 70 ആഴ്ചകൾ കൊണ്ട് 1139 കിലോമീറ്റർ പ്രതിമണിക്കൂർ എന്ന ലക്ഷ്യം കൈവരിക്കാൻ സാധിക്കും. ശബ്ദത്തിന്റെ വേഗത മണിക്കൂറിൽ 1225 കിലോമീറ്ററാണ്. ആദ്യത്തെ പത്താഴ്ച വരെ ആശയവും യാഥാർത്ഥ്യവും ഒരേ രീതിയിൽ മുകളിലേക്ക് കുതിക്കുന്നതായി കാണാം. എന്നാൽ പിന്നീടങ്ങോട്ട് ഓട്ടക്കാരന്റെ ശരീരം പതുക്കെ കോച്ചിന്റെ നിർദ്ദേശങ്ങൾ പാലിക്കാൻ വിസമ്മതിക്കുന്നു. പിന്നീടുള്ള എല്ലാ ശ്രമങ്ങളും ഓട്ടക്കാരന്റെ പതനത്തിലേക്കായിരിക്കും നയിക്കുക എന്നത് ഉറപ്പാണല്ലോ.

**സൂപ്പർ സ്പീഡ് ചാർട്ട്-1**

| ആഴ്ച | വേഗത (കി.മീ/മണിക്കൂർ) |
|---|---|
| 1 | 10.7 |
| 2 | 11.45 |
| 3 | 12.25 |
| 4 | 13.11 |
| 5 | 14.03 |
| 6 | 15.01 |
| 7 | 16.06 |
| 8 | 17.18 |
| 9 | 18.38 |
| 10 | 19.67 |


ഈയൊരു ഘട്ടത്തിൽ വെച്ച് നിങ്ങൾക്കൊരു തീരുമാനമെടുക്കേണ്ടതായി വരും. ഒന്നുകിൽ ശബ്ദത്തിന്റെ വേഗതയിൽ ഓടിയെത്തുക എന്ന ആശയത്തെ ബലികൊടുക്കുകയും അതുവഴി ശരീരത്തെ രക്ഷിക്കുകയും ചെയ്യുക . അല്ലെങ്കിൽ ഈയൊരു ആശയസാക്ഷാത്കാരം നേടിയെടുക്കാനുള്ള ശ്രമത്തിനിടയിൽ ശരീരത്തെ ബലികൊടുക്കുക. എന്തു ചെയ്യണമെന്ന് എനിക്കറിയാം. പക്ഷേ, ഇവിടെ തീരുമാനമെടുക്കേണ്ടത് നിങ്ങളാണ്. കാരണം ഇത് നിങ്ങളുടെ ശരീരമാണ്.

ഇനി നമുക്ക് നിരന്തര സാമ്പത്തിക വളർച്ച എന്ന വസ്തുതയിലേക്ക് കടക്കാം. ഇവിടെ പണം ആണ് ആശയം (concept). പ്രകൃതി വിഭവങ്ങൾ ആണിവിടെ യാഥാർത്ഥ്യം (reality). മനസ്സിന്റെ സ്ഥാനത്ത് സമ്പദ്‌വ്യവസ്ഥയെയും ശരീരത്തിന്റെ സ്ഥാനത്ത് ഭൂമിയെയും പ്രതിഷ്ഠിക്കുക. സമ്പദ്‌വ്യവസ്ഥ ആഗ്രഹിക്കുന്നതെന്തും പൂർത്തീകരിക്കാൻ ഭൂമിക്ക് സാധ്യമാകുമോ എന്നതാണ് പരിശോധനാവിഷയം.

പണം സാധനങ്ങളുടെയും സേവനങ്ങളുടെയും യഥാർത്ഥ മൂല്യത്തെ പ്രതിനിധീകരിക്കുന്നുവെന്നാണ് സാമ്പ്രദായിക സാമ്പത്തിക ശാസ്ത്രജ്ഞന്മാരുടെ അഭിപ്രായം. അത് ശരിയോ തെറ്റോ ആകാം. പക്ഷേ വ്യാപാരത്തെ എളുപ്പമാക്കുന്നു എന്നതിനാൽ നാമത് സ്വീകരിക്കുന്നു. പണം നിരന്തരമായ വളർച്ചയ്ക്ക്

**സൂപ്പർ സ്പീഡ് ചാർട്ട് -2**

| ആഴ്ച | വേഗത (കി.മീ/മണിക്കൂർ) |
|---|---|
| 10 | 19 |
| 20 | 38 |
| 30 | 76 |
| 40 | 149 |
| 50 | 294 |
| 60 | 579 |
| 70 | 1139 |




നിരന്തര വളർച്ചയെന്ന ആശയവും പ്രകൃതി വിഭവങ്ങൾ എന്ന യാഥാർത്ഥ്യവും വഴിപിരിയുന്നതെവിടെ വെച്ചാണ് എന്ന് നമുക്ക് പരിശോധിക്കാം. എണ്ണ, ധാതുക്കൾ, മറ്റ് ഖനിജ ഇന്ധനങ്ങൾ തുടങ്ങിയ പ്രകൃതി വിഭവങ്ങൾ മുഴുവനായും തന്നെ ഭൗതികമായ പരിമിതികൾ ഉൾക്കൊള്ളുന്നവയാണ്. വ്യാവസായിക യുഗം ആരംഭിച്ചതിന് ശേഷം ഏതാണ്ട് രണ്ട് നൂറ്റാണ്ടുകൊണ്ടുതന്നെ ഈ വിഭവങ്ങളിൽ പാതിയും നാം ഉപയോഗിച്ചു കഴിഞ്ഞിരിക്കുന്നു.


വിധേയമാകേണ്ടതുണ്ട് എന്നതാണ് രണ്ടാമത്തെ ആശയം. ഇതും പൂർണ്ണമായും ശരിയോ തെറ്റോ ആകുന്നില്ല. കാരണം ആർത്തിയിൽ നിന്നല്ല ഇത്തരമൊരു ആശയം കടന്നുവരുന്നതെന്ന് നാം മനസിലാക്കേണ്ടതുണ്ട്. ഉത്പാദനപരമായി മാറണമെന്ന സ്വാഭാവിക ആഗ്രഹങ്ങൾക്ക് മുകളിലാണ് ഈ ആശയം ഉറവെടുക്കുന്നത്. പണത്തിന്റെ വളർച്ച സംയോജിതവും (compound) സമയത്തോടൊപ്പം നിരന്തരവും വേഗത്തിലും ആയിരിക്കണമെന്നതാണ് മൂന്നാമത്തെ ആശയം. ഇതൽപം സൂത്രം പിടിച്ച ഒന്നാണെന്ന് നാം അറിയണം. രണ്ടാമത്തെ ആശയത്തിൽ നിന്നുള്ള വ്യതിചലനമാണ് ഇതെന്ന് കാണാം. വളർച്ച എന്നത് സ്വാഭാവികമായ സംഗതിയാണ്. എന്നാൽ സമയത്തിനനുസരിച്ച് അതേവേഗത്തിൽ വളർച്ച കൈവരിക്കുക എന്നത് മന്ത്രവിദ്യയല്ലാതെ മറ്റൊന്നുമല്ലെന്ന് നാം മനസിലാക്കേണ്ടതാണ്.

കാരണം, പണം എന്ന ആശയത്തിന് യാതൊരുവിധ പരിധിയും നാം കല്പിച്ചു നൽകിയിട്ടില്ല. അതേസമയം പ്രകൃതിവിഭവങ്ങളുടെയും ഊർജ്ജത്തിന്റെയും ലഭ്യതയ്ക്ക് ഭൂമിശാസ്ത്രപരമായ പരിമിതികൾ ഉണ്ടുതാനും. ഈയൊരു യാഥാർത്ഥ്യത്തെ തിരച്ചറിയുമ്പോഴാണ് നിരന്തരവും സംയോജിതവുമായ സാമ്പത്തികവളർച്ച എന്നത് യാഥാർത്ഥ്യത്തിന് നിരക്കാത്തതാണെന്ന വസ്തുത നാം തിരിച്ചറിയുന്നത്. ഭൂമിശാസ്ത്രപരമായ നിയമങ്ങളെ അനുസരിച്ച് മാത്രമേ ഊർജ്ജത്തിന്റെയും ദ്രവ്യത്തിന്റെയും ലഭ്യത സാധ്യമാക്കാൻ സാധിക്കുകയുള്ളൂ എന്ന് ഇന്ന് നാം തിരിച്ചറിയുന്നുണ്ട്. ഒരുവേള നമ്മുടെ സാമ്പത്തിക വിദഗ്ദ്ധന്മാർ ഇക്കാര്യം നമ്മോട് പറയുന്നില്ലെങ്കിൽ കൂടിയും.

നിരന്തര വളർച്ചയെന്ന ആശയവും പ്രകൃതി വിഭവങ്ങൾ എന്ന യാഥാർത്ഥ്യവും വഴിപിരിയുന്നതെവിടെ വെച്ചാണ് എന്ന് നമുക്ക് പരിശോധിക്കാം. എണ്ണ, ധാതുക്കൾ, മറ്റ് ഖനിജ ഇന്ധനങ്ങൾ തുടങ്ങിയ പ്രകൃതി വിഭവങ്ങൾ മുഴുവനായും തന്നെ ഭൗതികമായ പരിമിതികൾ ഉൾക്കൊള്ളുന്നവയാണ്. വ്യാവസായിക യുഗം ആരംഭിച്ചതിന് ശേഷം ഏതാണ്ട് രണ്ട് നൂറ്റാണ്ടുകൊണ്ടുതന്നെ ഈ വിഭവങ്ങളിൽ പാതിയും നാം ഉപയോഗിച്ചു കഴിഞ്ഞിരിക്കുന്നു. എണ്ണയുടെ പാരമ്യത എന്ന വിഷയത്തെ വളരെ ഗൗരവമായി തന്നെ പരിഗണിക്കേണ്ട അവസ്ഥയിലാണ് നാം. വ്യാവസായിക യുഗത്തിന്റെ മുന്നോട്ടുള്ള പോക്കിനെ വളരെയധികം സ്വാധീനിച്ചിട്ടുള്ള ഒന്നാണ് എണ്ണ എന്ന് നാം മനസിലാക്കണം. നിലവിൽ ലോകത്തിലെ മുഴുവൻ സമ്പദ്ക്രമങ്ങളും രൂപപ്പെടുത്തിയിട്ടുള്ളത് എണ്ണയെ അടിസ്ഥാനപ്പെടുത്തിയാണ്. എണ്ണയുടെ ഉത്പാദനത്തിലെ പാരമ്യതയിൽ സംഭവിക്കുന്ന പാരമ്യത അതുകൊണ്ടുതന്നെ ലോക സമ്പദ്ക്രമത്തെ താളംതെറ്റിച്ചേ മതിയാകുകയുള്ളൂ...

ഇനി നമുക്ക് വ്യാവസായിക യുഗവുമായി ബന്ധപ്പെട്ട് ഇന്ന് നാം എത്തിനിൽക്കുന്ന അവസ്ഥയെക്കൂടി ലളിതമായി മനസിലാക്കാൻ ശ്രമിക്കാം.

വ്യാവസായിക യുഗത്തിന്റെ ഒന്നാംഘട്ടം ആരംഭിക്കുന്നത് 1850കളിലാണ്. എണ്ണയുടെ ആവിഷ്കാരത്തോടെയാണ് ഇത് സാധ്യമായത്. എണ്ണ എന്ന ഊർജ്ജ സ്രോതസ്സിന്റെ വരവോടുകൂടി എല്ലാം സാധ്യമാണെന്ന് നാം തെളിയിച്ചു. ഉയർന്ന കാർഷികോത്പാദനം, വ്യാവസായിക വളർച്ച, വേഗത, ഭൗതിക സൗക



മൻസൂർ ഖാൻ

ര്യങ്ങൾ, ബഹിരാകാശ ഗവേഷണം... സാധ്യതകളുടെ പട്ടികകൾ അനന്തമാണെന്ന് നാം കരുതി. സുവർണ്ണ കാലഘട്ടമായി ഇതിനെ നമുക്ക് പരിഗണിക്കാം. മനുഷ്യന്റെ ഭൗതിക ഉയർച്ചയുടെ ഉത്തുംഗങ്ങളിലേക്ക് നാം കുതിച്ചുകൊണ്ടിരുന്നു. 60കൾ വരെ കാര്യങ്ങളെല്ലാം സമാനമായ രീതിയിൽ തന്നെ നടന്നു. സാമ്പത്തിക വളർച്ചയെ സംബന്ധിച്ച കാഴ്ചപ്പാടുകൾക്കും ആശയങ്ങൾക്കും ഒപ്പം തന്നെ യാഥാർത്ഥ്യത്തിന്റെ വളവും (reality curve) സഞ്ചരിച്ചു. സമ്പദ്‌വ്യവസ്ഥ അതിന്റെ ഉച്ചസ്ഥായിലേക്ക് കുതിച്ചുകൊണ്ടിരുന്ന കാലമായിരുന്നു ഇത്. 60കളുടെ അവസാനമാകുമ്പോഴേക്കും ആശയങ്ങളുടെയും യാഥാർത്ഥ്യങ്ങളുടെയും വളവുകൾ വേർപിരിയാൻ തുടങ്ങി. 250 ദശലക്ഷം വർഷങ്ങളുടെ നീക്കിയിരിപ്പായ സൗരോർജ്ജത്തെ എണ്ണയുടെ രൂപത്തിൽ നാം ഉപയോഗിച്ചു തീർത്തു. ഈ യാഥാർത്ഥ്യത്തെ അംഗീകരിക്കുന്നതിൽ നാം വിമുഖത കാട്ടി. നിരന്തര വളർച്ച എന്നത് ഇപ്പോഴും സാധ്യമാണെന്ന് നാം ഉറച്ചുവിശ്വസിക്കുന്നു. യാഥാർത്ഥ്യങ്ങളുടെ നിരാകരണമാണിതെന്ന് നാം മറക്കുന്നു. എന്നാൽ എല്ലാ തരത്തിലുമുള്ള പാരിസ്ഥിതിക പ്രശ്നങ്ങളും മനുഷ്യസമൂഹത്തിന്റെ മുന്നിൽ അവതരിക്കാൻ തുടങ്ങി. മഴക്കാടുകളുടെ നാശം, മരുഭൂമികളുടെ വളർച്ച, സ്പീഷീസുകളെ നാശം, കാലാവസ്ഥാവ്യതിയാനം, ആഗോളതാപനം, മാലിന്യ ഭീഷണി എന്നിവയെല്ലാം ഒന്നൊന്നായി പ്രത്യക്ഷപ്പെടാൻ തുടങ്ങി. സമ്പദ്‌വ്യവസ്ഥ എന്ന മനസ്സ് നിരന്തരമായ വളർച്ച ആഗ്രഹിക്കുമ്പോഴും ഭൂമി എന്ന ശരീരത്തിന് അതേ രീതിയിൽ പ്രതികരിക്കാൻ സാധിക്കാത്ത അവസ്ഥ സംജാതമാകുന്നു. ഭൂമിയിലെ വിഭവങ്ങളുടെ അളവിൽ സംഭവിച്ച ശോഷണം ആശയങ്ങളുടെയും യാഥാർത്ഥ്യങ്ങളുടെയും വളവുകളുടെ വേർതിരിവിന് കാരണമാകുന്നതായി നാം മനസിലാക്കുന്നു. 2005ൽ ലോകം എണ്ണ ഉത്പാദനത്തിലെ പാരമ്യത (peak Oil) എന്ന പ്രതിസന്ധിയെ നേരിട്ടുതുടങ്ങിയിരുന്നു. എണ്ണയ്ക്ക് പകരം വെക്കാൻ മറ്റൊരു സ്രോതസ്സും ഇല്ലെന്ന യാഥാർത്ഥ്യം വ്യാവസായിക യുഗത്തിന് ബോധ്യപ്പെട്ടു തുടങ്ങിയിരിക്കുന്നു.

എണ്ണയെ അടിസ്ഥാനമാക്കിയുള്ള സമ്പദ്ക്രമത്തിൽ നിന്ന് പതുക്കെയെങ്കിലുമുള്ള പരിവർത്തനം (transition) സാധ്യമാക്കുക എന്നതാണ് യാഥാർത്ഥ്യത്തെ അഭിമുഖീകരിക്കുവാനുള്ള ഏകവഴി. നിലവിലുള്ള സമ്പദ്‌വ്യവസ്ഥയുടെ പൊളിച്ചെഴുത്തിലൂടെ മാത്രമേ അത് സാധ്യമാകൂ. ലോകം ഇന്ന് എത്തിനിൽക്കുന്നത് മൂന്നാമത്തെ വളവിലാണ് (Third Curve). സമ്പദ്‌വ്യവസ്ഥയുടെ അന്ത്യമെന്ന മൂന്നാംവളവിൽ. സാധ്യതകളെക്കുറിച്ച് മാത്രമാണ് ഞാൻ സംസാരിക്കുന്നത്. ആരെയും കുറ്റപ്പെടുത്താനോ, പക്ഷം ചേരാനോ അല്ല. ■

## മൻസൂർഖാൻ കൊച്ചിയിൽ

നിരന്തര സാമ്പത്തിക വളർച്ചയുടെ പ്രശ്നങ്ങളെക്കുറിച്ച് മൻസൂർഖാൻ സംസാരിക്കുന്നു.

**2016 ഏപ്രിൽ 16, ഉച്ചതിരിഞ്ഞ്**
**സെന്റ് തെരേസാസ് കോളേജ്, എറണാകുളം**

*ബന്ധങ്ങൾക്ക്: 9447602966*

## കൃഷിഭൂമി കൈമാറ്റം കാർഷികാവശ്യത്തിന് മാത്രം

നിയമനിർമ്മാണത്തിന് വേണ്ടി

**കാർഷിക-ജനാധിപത്യ കൺവെൻഷൻ**
**2016 ഏപ്രിൽ 9ന്, കടുത്തുരുത്തിയിൽ**

കൃഷിഭൂമി കൈമാറ്റം കൃഷിയാവശ്യത്തിന് മാത്രം പരിമിതപ്പെടുത്തുന്ന തരത്തിൽ 2008ലെ നെൽവയൽ-തണ്ണീർത്തട സംരക്ഷണ നിയമത്തിൽ ഭേദഗതി കൊണ്ടുവരുക.

*ബന്ധങ്ങൾക്ക്: 9446155017*